سورة الهمزة

# 104. സൂറതുൽ ഹുമസഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 9

بِسۡمِ ٱللَّهِ ٱلرَّحۡمَـٰنِ ٱلرَّحِيمِ

**പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

وَيۡلٌ لِّكُلِّ هُمَزَةٍ لُّمَزَةٍ ﴿١﴾

**《1》 (അന്യരെ) കുത്തിപ്പറയുന്നവരും കുറവാക്കുന്നവരുമായ എല്ലാവർക്കും നാശം!**

ٱلَّذِى جَمَعَ مَالاً وَعَدَّدَهُۥ ﴿٢﴾

**《2》 അതായത്, ധനം ശേഖരിക്കുകയും, അത് എണ്ണി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന് (നാശം).**

يَحۡسَبُ أَنَّ مَالَهُۥٓ أَخۡلَدَهُۥ ﴿٣﴾

**《3》 അവന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കുന്നുവെന്ന് അവൻ വിചാരിക്കുന്നു.**

---

《1》 وَيۡلٌ നാശം, കഷ്ടപ്പാട് لِكُلِّ هُمَزَةٍ എല്ലാ കുത്തിപ്പറയുന്ന (ഇടിച്ചുതാഴ്ത്തുന്ന)വർക്കും لُمَزَةٍ ദുഷിച്ചുപറയുന്ന (കുറവാക്കിപ്പറയുന്ന)വരായ 《2》 الَّذِي جَمَعَ അതായത് ശേഖരിച്ച (ഒരുമിച്ചുകൂട്ടിയ)വൻ مَالاً ധനം, സ്വത്ത് وَعَدَّدَهُ അതിനെ എണ്ണിനോക്കിക്കൊണ്ടിരിക്കയും ചെയ്ത 《3》 يَحۡسَبُ അവൻ കണക്കാക്കുന്നു, വിചാരിച്ചുകൊണ്ട് أَنَّ مَالَهُ അവന്റെ ധനം (ആകുന്നു) എന്ന് أَخۡلَدَهُ അവനെ ശാശ്വതനാക്കി (സ്ഥിരവാസിയാക്കി)യിരിക്കുന്നു

---

കുറേ ധനം ശേഖരിച്ചുണ്ടാക്കുകയും, അത് വേണ്ടപ്പെട്ട വിഷയങ്ങളിൽ വിനിയോഗിക്കാതെ അഹങ്കാരപൂർവ്വം അതിന്റെ എണ്ണവും വണ്ണവും മാത്രം ചിന്താവിഷയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ദുഷ്ടൻമാരിൽ സ്വാഭാവികമായും കാണാവുന്ന സമ്പ്രദായമാണ് അന്യരെ കുത്തുവാക്കുകൾ ഉപയോഗിച്ചു താഴ്ത്തലും, കുറ്റവുംകുറവും എടുത്തുകാട്ടി

ദുഷിച്ചുകൊണ്ടിരിക്കലും, തങ്ങളുടെ ധനം തങ്ങൾക്ക് ഈ ലോകത്ത് ശാശ്വതജീവിതം നേടിക്കൊടുത്തിട്ടുണ്ടെന്നും, തങ്ങളും തങ്ങളുടെ ധനവും ഒരിക്കലും നശിക്കുകയില്ലെന്നുമുള്ള ഭാവമായിരിക്കും ആ ധനപൂജകൻമാരിൽനിന്ന് പ്രകടമാകുന്നത്. ഇങ്ങനെയുള്ളവർക്ക് വമ്പിച്ച നാശമാണുള്ളതെന്ന് അല്ലാഹു അവരെ താക്കീത് ചെയ്യുകയാണ്.

كَلَّا ۖ لَيُنۢبَذَنَّ فِى ٱلْحُطَمَةِ ﴿٤﴾

**﴾4﴿ വേണ്ട! നിശ്ചയമായും അവൻ 'ഹുത്വമഃ'യിൽ, [ധ്വംസിച്ചു കളയുന്ന നരകത്തിൽ] എറിയപ്പെടുന്നതാണ്.**

وَمَآ أَدْرَىٰكَ مَا ٱلْحُطَمَةُ ﴿٥﴾

**﴾5﴿ 'ഹുത്വമഃ' എന്നാലെന്താണെന്ന് നിനക്ക് എന്തറിയാം?!-**

نَارُ ٱللَّهِ ٱلْمُوقَدَةُ ﴿٦﴾

**﴾6﴿ അല്ലാഹുവിന്റെ ജ്വലിപ്പിക്കപ്പെട്ട അഗ്നിയത്രെ (അത്)!-**

ٱلَّتِى تَطَّلِعُ عَلَى ٱلْأَفْـِٔدَةِ ﴿٧﴾

**﴾7﴿ (എന്നുവെച്ചാൽ) ഹൃദയങ്ങളിൽ (കയറിച്ചെന്ന്) എത്തിനോക്കുന്നത്.**

إِنَّهَا عَلَيْهِم مُّؤْصَدَةٌ ﴿٨﴾

**﴾8﴿ നിശ്ചയമായും, അത് അവരുടെമേൽ അടച്ചുമൂടപ്പെടുന്നതായിരിക്കും:-**

فِى عَمَدٍ مُّمَدَّدَةٍۭ ﴿٩﴾

**﴾9﴿ നീട്ടിയുണ്ടാക്കപ്പെട്ട (വമ്പിച്ച) തൂണുകളിലായിക്കൊണ്ട്.**

---

﴾4﴿ كَلَّا വേണ്ട لَيُنْبَذَنَّ നിശ്ചയമായും അവൻ ഇടപ്പെടും, എറിയപ്പെടും فِي الْحُطَمَةِ 'ഹുത്വമഃ'യിൽ ﴾5﴿ وَمَا أَدْرَاكَ നിനക്ക് എന്തറിയാം مَا الْحُطَمَةُ 'ഹുത്വമഃ' എന്താണെന്ന് ﴾6﴿ نَارُ اللَّهِ അല്ലാഹുവിന്റ അഗ്നിയാണ് الْمُوقَدَةُ കത്തിക്ക (ജ്വലിപ്പിക്ക)പ്പെട്ട ﴾7﴿ الَّتِي تَطَّلِعُ എത്തിക്കുന്നതായ, കയറിച്ചെല്ലുന്നതായ عَلَى الْأَفْئِدَةِ ഹൃദയങ്ങളുടെമേൽ ﴾8﴿ إِنَّهَا നിശ്ചയമായും അത് عَلَيْهِمْ അവരുടെമേൽ مُؤْصَدَةٌ അടച്ചുമൂടപ്പെട്ടതായിരിക്കും ﴾9﴿ فِي عَمَدٍ ചില തൂണുകളിലായിട്ട് مُمَدَّدَةٍ നീട്ടിയുണ്ടാക്കപ്പെട്ട, നീണ്ട (വമ്പിച്ച)

---

الْحُطَمَةُ (ഹുത്വമഃ) എന്നത് നരകത്തിന്റെ വിശേഷണനാമങ്ങളിൽ ഒന്നാകുന്നു. അതിൽ ഇടപ്പെടുന്ന ഏതൊരു വസ്തുവെയും കത്തിച്ചു നശിപ്പിക്കുമാറ് അതികഠിനമായത് എന്ന് സാരം. ഇതിന്റെ ഒരു വിശദീകരണമത്രെ തുടർന്നുകാണുന്നത്. സാധാരണ അറിയപ്പെടുന്ന അഗ്നിയല്ല നരകാഗ്നി. അല്ലാഹു പ്രത്യേകം തയ്യാറാക്കിവെച്ചിട്ടുള്ള കഠിനകഠോരമായ ഒരു പ്രത്യേക അഗ്നിയാണത്. മാംസമോ, ബാഹ്യാവയവങ്ങളോ മാത്രമല്ല ആ അഗ്നി എരിച്ചു കളയുന്നത്. ഹൃദയങ്ങളുടെ ഉള്ളോട്ട് കയറിച്ചെന്ന് അവയെയും അത് കടന്നാക്രമിക്കുന്നതാണ്. മാത്രമല്ല, വമ്പിച്ച നെടുംതൂണുകൾക്കുള്ളിൽ അവർ ബന്ധിക്കപ്പെടുകയും, വാതിലുകൾ അടച്ചു മൂടപ്പെടുകയും ചെയ്യുന്നു. അങ്ങനെ, യാതൊരു

തരത്തിലുള്ള ആശ്വാസത്തിനും യാതൊരു പഴുതും കിട്ടാതെ നാനാഭാഗത്തൂടെയും അവർ നിത്യയാതന അനുഭവിച്ചുകൊണ്ടിരിക്കയും ചെയ്യും. എന്നിങ്ങനെ നരകശിക്ഷയുടെ ഗൗരവത്തെപ്പറ്റി അല്ലാഹു വർണിച്ചിരിക്കുകയാണ്. ഇതെല്ലാം പരലോക സംബന്ധമായ അദൃശ്യകാര്യങ്ങളാകകൊണ്ട് കൂടുതൽ വിശദീകരണങ്ങളൊന്നും സാധ്യമല്ല. അല്ലാഹുവിന്റെ വിവരണത്തിൽ നിന്നുതന്നെ അതിന്റെ ഗൗരവം ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാക്കാമല്ലോ. അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.